(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ എസ്.എ/റ്റി.വി.എം/.ബി.പി.183/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി 04.02.2017

ഫോൺ നമ്പർ 0471-2331231

ഇ-മെയിൽ lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട്ബ്ലോക്ക് പഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) സെക്രട്ടറി, ത സ്വ ഭ വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

4)കാര്യാലയ പകർപ്പ്

5) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.183/17 തീയതി: 04.02.2017

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.എം.മോഹനൻപിള്ള<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-01-2017 മുതൽ 21-01-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ലതാകുമാരി.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രകാശ് കൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ. അരുൺദേവ്.വി.ആർ. | ഓഡിറ്റർ |
| ശ്രീമതി. അനുലക്ഷ്മി. വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വെട്ടുറോഡ് വിജയൻ | 01-04-15മുതൽ 30-11.2015വരെ |
| | ശ്രീമതി. ജലജകുമാരി.എസ് | 01-12-15 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ. കെ.എസ്. സുരേന്ദ്രകുമാർ | 01-04-15 മുതൽ 04-02-16 വരെ |
| | ബി. സുരേഷ് | 05-02-16 മുതൽ 09-02-16 വരെ |
| | ശ്രീ. എം.എസ്. അനിൽകുമാർ | 10 -02-16 മുതൽ 31-03-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | ശ്രീ. എബി അബ്രഹാം | 01.04.2015 മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി. നഫീസാബീവി. എ. | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. നിഷ. എ. സലിം | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. ഡയറക്ടർ കൃഷി | ശ്രീമതി. ഗീതാ ഫിലിപ്പ് | 01.04.2015 മുതൽ 12.07.2015 വരെ |
| | ശ്രീമതി. ബിന്ദു | 13.07.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ആർ.എസ്. ഗംഗ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അജിത | 01.04.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ഗോകുൽ രാജ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |

| | | | |
|---|---|---|---|
| | ഭാഗം 2 | | |
| 11 | വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം | 2-1 | |
| 12 | ഉപയോഗ യോഗ്യമായ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കണം | 2-2 | |
| | ഭാഗം 3 | | |
| 13 | പട്ടികജാതി കുട്ടികൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 3-1 | |
| 14 | പട്ടികജാതി കുട്ടികൾക്ക് കരിയർ ഗൈഡൻസ് ലക്ഷ്യം കൈവരിച്ചില്ല. | 3-2 | |
| 15 | കുടിവെള്ള പദ്ധതികൾ-പ്രവർത്തനം കാര്യക്ഷമമല്ല | 3-3 | |
| 16 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയിട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ | 3-4 | |
| 17 | പദ്ധതികളുടെ എണ്ണം വളരെ കുറവ് | 3-5 | |
| | ഭാഗം 4 | | |
| 18 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 19 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 23 | ഓഡിറ്റ് റിക്കവറി | 4-6 | |
| 24 | സമാഹൃതഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26-3-2015 തീയതിയിലെ 1ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിൽ ഉൾക്കൊള്ളിച്ച വരവ്, ചെലവ് എന്നിവ യഥാക്രമം 40,88,51,584/-, 40,76,81,084/- രൂപയുമാണ്. യഥാർത്ഥ വരവ്, ചെലവ് യഥാക്രമം 16,02,08,661/- രൂപയും (മുന്നിരിപ്പുൾപ്പെടെ) 1,28,764,034/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 03-8-2016 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05.01.2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 37451669

വരവ് - 120072789

ആകെ - 157524458

ചെലവ് - 128070008

നീക്കിയിരിപ്പ് - 29454450

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1235070 | 23789484 | 25024554 | 25024554 | 0 | 55.52% |
| വികസനഫണ്ട് എസ്.സി.പി. | 2603761 | 11434160 | 14037921 | 14037921 | 0 | 82.96% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93000 | 93000 | 93000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 334888 | 2905414 | 3240302 | 3240302 | 0 | 73.98% |
| SGSY | 290726 | 402421 | 693147 | 693147 | 0 | 100 |
| IAY(പ്ലാൻ ഫണ്ട്) | 19300116 | 30274096 | 49574212 | 41332760 | 8241452 | |
| IAY (A/C No-4545) | 2261850 | 7625858 | 9887708 | 588738 | 9298970 | |
| IWMP | 94911 | 1587869 | 1682680 | 1268700 | 413980 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9038553 | 30405499 | 39444052 | 29661078 | 9782974 | 75 |
| മറ്റുള്ളവ | 5361121 | 26804276 | 32165397 | 27074734 | 5090663 | |

| | | | | | | |
|---|---|---|---|---|---|---|
| SIGN(A/C NO1365) | 2636 | 106 | 2742 | 0 | 2742 | |
| SURVEY(a/c NO 5575) | 1178 | 47 | 1225 | 0 | 1225 | |
| PYCKA | 0 | 214996 | 214996 | 214996 | 0 | 100 |
| Flood relief Grant | 0 | 11167645 | 11167645 | 11167645 | 0 | 100 |
| Plan fund (Panchayath Contribution a/c No-72108) | 62580 | 2528 | 65108 | 0 | 65108 | |
| TSC | 2225400 | 169766 | 2395166 | 747167 | 1647999 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 75 | 120984512 | 65 | 43678425 | 3 | 7 | 86.67% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വാടക | 99240 | 328680 | 229440 | 231% |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-07-2014 | 2010-11 മുതൽ 2013-14 വരെ | 03-09-2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കണം

a) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ KP4/5504 നമ്പർ കെട്ടിടം പ്രതിമാസം 26515/- രൂപ പി.ഡബ്ല്യൂ.ഡി നിരക്കിലും വാടക നിശ്ചയിച്ച് കഴക്കൂട്ടം സബ്ട്രഷറിയ്ക്ക് വാടകയ്ക്ക് നൽകാൻ 5.3.2014 ൽ സെക്രട്ടറിയും ജില്ല ട്രഷറി ഓഫീസറും ഉടമ്പടി ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ ട്രഷറി വാടക ഒന്നും അടയ്ക്കാത്തതിനെ തുടർന്ന് 10.6.14 ൽ ജി.ഇ.ഒ. -328/12 നമ്പർ കത്ത് പഞ്ചായത്ത്, ട്രഷറി ഓഫീസർക്ക് അയച്ചിട്ടുണ്ട് . തുടർന്ന് 12.1.16 ൽ 5.3.14 മുതൽ 30.12.15 വരെ 556815/- രൂപ വാടകകുടിശ്ശിക അടയ്ക്കുവാൻ ആവശ്യപ്പെട്ട് A1/2102/16 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് നടക്കുന്ന സമയം വരെ ഒരു പൈസ പോലും ട്രഷറി വാടക അടച്ചിട്ടില്ല.

b) ബ്ലോക്ക് പഞ്ചായത്ത് വക KP4/551 ാം നമ്പർ കെട്ടിടം മൈനർ ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. പ്രതിമാസം 4550/- രൂപ നിരക്കിൽ 30.3.15 വരെ വാടക അടച്ചിട്ടുണ്ട്. തുടർന്ന് 2015-16 സാമ്പത്തിക വർഷം വാടക ഒന്നും അടച്ചിട്ടില്ല.

മേൽ പറഞ്ഞ രണ്ട് കെട്ടിട വാടകകളും നാളിതുവരെയുള്ള കുടിശിക കണക്കാക്കി പിഴ പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഉപയോഗ യോഗ്യമായ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കണം

a) ബ്ലോക്ക് ഓഫീസിന്റെ മുൻവശം മെയിൻ റോഡിനോട് ചേർന്നുള്ള എസ്ജിഎസ് വൈ ഹാൾ മുൻവർഷം 32 ദിവസം വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തൻ വർഷം അഞ്ച് ദിവസം പ്രതിദിനം ആയിരം രൂപ നിരക്കിലാണ് കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഓഡിറ്റ് സമയത്ത് കെട്ടിടം പൂട്ടിയിട്ട നിലയിൽ കണ്ടു. കെട്ടിടം വാടകയ്ക്ക് നൽകാനുള്ള നടപടി സ്വീകരിച്ച് വരുന്നതായി സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

b) ബ്ലോക്ക് ഓഫീസ് വളപ്പിലെ കോൺഫറൻസ്ഹാൾ തൻവർഷം 1283213/- രൂപ ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം 21.12.16 ൽ ആകെ രണ്ട് ദിവസം പ്രതിദിനം വാടകയ്ക്ക് നൽകിയതാണ് ആകെ ഉണ്ടായിട്ടുള്ള വരുമാനം. ഓഡിറ്റ് സമയത്ത് സ്ഥലം സന്ദർശിച്ച വേളയിൽ ഹാൾ

പൊടിപിടിച്ച് കിടക്കുന്നതായി കണ്ടു. ഇത്രയധികം തുക ചെലവഴിച്ച് നവീകരിച്ചിട്ടും ഹാൾ വാടകയ്ക്ക് നൽകാനോ, വേണ്ടരീതിയിൽ പരിപാലിക്കാനോ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല എന്നത് പരിതാപകരമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന്ന നൽകിയ മറുപടി തൃപ്തികരമല്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി കുട്ടികൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം : S0111/16

അടങ്കൽ : 360000/- (വികസനഫണ്ട് എസ്.സി.പി.)

ഭരണാനുമതി : 11/20.1.2016

ചെലവ് : 360000/-

നിർവഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ.

60 പേർക്ക് 2ബാച്ചുകളിലായി 45 ദിവസത്തെ പരിശീലനം നടത്തുന്നതിന് വിഭാവനം ചെയ്തതാണ് പ്രസ്തുത പ്രോജക്ട്. ഇത് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 13-01-2016 മുതൽ 15-03-2016 വരെ നടന്ന പരിശീലനത്തിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ ഹാജർ വിവരം ഫയലിൽ ലഭ്യമല്ല.

2)

| ക്രമ നം | പേര് വിലാസം | പരിശീലന കാലയളവ് | റിമാർക്സ് |
|---|---|---|---|
| 1 | ശ്രുതിലയ<br>അപ്പോളോ കോളനി, കാരിച്ചറ,പള്ളിപ്പുറം പി.ഒ | 13.01.2016<br>മുതൽ<br>15-03-2016<br>വരെ | രജിസ്ട്രേഷൻ ഫോറം ഇല്ല.(സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു)<br>രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | ചിത്ര.സി,എസ്<br>മുണ്ടയ്ക്കൽഹൗസ്, മുരുക്കുംപുഴ പി.ഒ | 13.01.2016<br>മുതൽ<br>15-03-2016<br>വരെ | രജിസ്ട്രേഷൻ ഫോറം ഇല്ല.(സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു)<br>രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | അംഗിതരാജ്.ആർ . എസ്<br>അഭിനന്ദനം, കൈലാത്തുക്കോണം, കുറക്കട പി.ഒ | പരിശീലനം<br>നൽകിയതായി രേഖയില്ല. | രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടില്ല.<br>സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല |
| 4 | ശാമിലി.എസ്<br>ശാരിക ഭവൻ, കഴക്കൂട്ടം പി.ഒ | പരിശീലനം<br>നൽകിയതായി രേഖയില്ല. | രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടില്ല.<br>സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല |
| 5 | അനുമോൾ.എ.എസ്<br>പനവിളവീട്, മഞ്ഞമല പി.ഒ | പരിശീലനം<br>നൽകിയതായി രേഖയില്ല. | രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടില്ല.<br>സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല |
| 6 | അനു.ജെ.എസ് | 11.03.2016<br>മുതൽ<br>24-05-2016<br>വരെ | രജിസ്ട്രേഷൻ ഫോറം ഇല്ല. |

3) 60 പേർക്ക് 2 ബാച്ചുകളിലായി 45 ദിവസം പരിശീലനം നൽകുന്നതിന് ഒരാൾക്ക് 6000/-

രൂപ വച്ച് ആകെ 360000/- രൂപയാണ് വകയിരുത്തിയത്. സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന് രണ്ടു തവണകളായി 180000/- രൂപ വീതം (ഡി.ഡി. 152724 തീ.17.03.2016, ഡി.ഡി.153523തീ 31.03.2016) നൽകിയിട്ടുണ്ട്. എന്നാൽ 60 പേർക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. വിശദാംശം ചുവടെ,

ആകെ രജിസ്റ്റർ ചെയ്തവർ - 53

13-01-2016 മുതൽ 15-03-2016 വരെ പരിശീലനത്തിൽ പങ്കെടുത്തവർ - ഹാജർ വിവരം ലഭ്യമല്ല.

11-03-2016 മുതൽ 24-05-2016 വരെ പരിശീലനത്തിൽ പങ്കെടുത്തവർ - 25

13-01-2016 മുതൽ 15-03-2016 വരെയുള്ളതിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത്- 26

11-03-2016 മുതൽ 24-05-2016 വരെയുള്ളതിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് - 25

ആകെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് - 51

4) ജി.ഒ(പി)220/97/തസ്വഭവ 2.10.97 ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക്പഞ്ചായത്തിന് നൽകേണ്ടതുമാണ്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശം

ലഭ്യമല്ല.

5) പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നതിൻ പ്രകാരം പരിശീലനത്തിന് ശേഷം ഒരു യൂണിറ്റിന് 100000/-രൂപ ക്രമത്തിൽ 6യൂണിറ്റുകൾക്ക് ആകെ 600000/-രൂപ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് നടപടി നിർവഹണ ഉദ്യാഗസ്ഥൻ ചെയ്യേണ്ടതാണ്. എന്നാൽ ഏതെങ്കിലും യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം.3 പ്രകാരം വിശദീകരണം ആരാഞ്ഞതിന് പരമാവധി രേഖകൾ കണ്ടെടുത്ത് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 360000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പട്ടികജാതി കുട്ടികൾക്ക് കരിയർ ഗൈഡൻസ് ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം. - S0112/16

പ്രോജക്ടിന്റെ പേര് - പട്ടികജാതി കുട്ടികൾക്ക് കരിയർ ഗൈഡൻസ് (purchase periodicals related to competitive exam, year book, study materials)

അടങ്കൽ - 440000/-(വികസനഫണ്ട്)

ബിൽ നം - 06/15-16/29.3.16

ചെലവ് തുക - 25000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

8- ാം ക്ലാസ് മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

a) പരിശീലനത്തിന്റെ ഹാജർ പുസ്തകം ഫയലിൽ ലഭ്യമല്ല.(പരിശീലനം നൽകിയതായി കാണുന്നില്ല.)

b) അപേക്ഷകർ പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ രേഖകൾ ഇല്ല.

c) പരിശീലനത്തിന്റെ നിലവാരം, പദ്ധതി എത്രമാത്രം ലക്ഷ്യം കൈവരിച്ചു എന്നിവ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല.

d) പരിശീലനം പൂർത്തിയാക്കി സി.എം.ഡി ക്ക് തുക നൽകിയിട്ടില്ല. ചെലവ് കണക്കനുസരിച്ച് ആകെ ഇതിന് 606/- രൂപ മാത്രമേ നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ.

ബിൽ പ്രകാരം പിൻവലിച്ച 25000/-രൂപയിൽ 24394/-രൂപ തിരികെ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/19/01/2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും അവ ഹാജരാക്കിയിട്ടില്ല. പരിശീലനത്തിന്റെ ഹാജർ പുസ്തകവും പദ്ധതി എത്രമാത്രം ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നുള്ളതും തിരിച്ചടച്ച തുകയുടെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികൾ- പ്രവർത്തനം കാര്യക്ഷമമല്ല

20.1.17 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കെ.കെ. വനം കുടിവെള്ള പദ്ധതി, (പ്രോജക്ട് നം.85/2015-16) വെള്ളൂർ കോളനി കുടിവെള്ളപദ്ധതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തി. കെ.കെ.വനം പദ്ധതി 8 മാസമായി പ്രവർത്തിക്കുന്നില്ല. എന്നും വെള്ളൂർ കോളനി കുടിവെള്ള പദ്ധതി ദൈനംദിന നടത്തിപ്പ സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്നതായും കണ്ടു.

പ്രോജക്ടിന്റെ പേര് - കെ.കെ. വനം പദ്ധതി

അടങ്കൽ തുക - 5,43,263/-

ചെലവ് തുക - 5,39,614/- (എസ്.സി.പി.)

പ്രോജക്ടിന്റെ പേര് - വെള്ളൂർ കുടിവെള്ള പദ്ധതി

അടങ്കൽ - 50,000/-

ചെലവ് - 4,73,598/- (എസ്.സി.പി.)

സർക്കാർ ഉത്തരവ് നം.1275/2009/തസ്വഭവ തീ 30.05.2009 പ്രകാരം പണി പൂർത്തിയായ കുടിവെള്ള പ്രോജക്ടുകളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ കമ്മിറ്റിയുടെ ചുമതലയാണ്. ഗുണഭോക്തൃ കമ്മിറ്റി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കണം. നടത്തിപ്പു ചെലവിന് ഗുണഭോക്താക്കളിൽ നിന്ന് സംഭാവന സ്വീകരിക്കാമെന്നും നടത്തിപ്പിനു ബൈലോ രൂപീകരിക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നു. എന്നാൽ രണ്ടു പദ്ധതികളിലും ഇക്കാര്യങ്ങൾ നടപ്പാക്കിയിട്ടില്ല. വെള്ളൂർ കോളനി കുടിവെള്ള പദ്ധതിയിൽ (പ്രോജക്ട് നം.97/2015-16) താക്കോൽ ഒരാളുടെ കൈവശം സൂക്ഷിക്കാത്തതിനാൽ എല്ലാ ഗുണഭോക്താക്കളും തന്നിഷ്ടപ്രകാരം പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്ന രീതിയാണുള്ളത്. ഈ രീതിയിൽ നിയന്ത്രണമില്ലാത്ത സാഹചര്യം സംജാതമായിട്ടുണ്ട്.

മേൽപറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 9 പ്രകാരം സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടതിൽ രണ്ടു കുടിവെള്ള പദ്ധതിയും പൂർത്തീകരിച്ച ശേഷം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ നടത്തിപ്പിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്തി, ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പദ്ധതികൾ നല്ല രീതിയിൽ തുടർന്നു പ്രയോജനപ്പെടുത്തുന്നു എന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയിട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ

a) പ്രോജക്ടിന്റെ പേര് - സാന്ത്വനം-മാനസിക പുനരധിവാസ പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം - 34/15-16

അടങ്കൽ - 2,00,000/-

ചെലവ് - 1,82,634/-

പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക്പഞ്ചായത്തിന് നൽകേണ്ടതുമാണ്. എന്നാൽ പ്രസ്തുത പ്രോജക്ട് പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റോ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്നതിന്റെയോ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 2-ന് മറുപടിയായി 1998 സെപ്റ്റംബർ മുതൽ ആരംഭിച്ചിട്ടുള്ള സാന്ത്വനം-മാനസിക പുനരധിവാസ പദ്ധതിയിൽ ആരംഭദശ മുതൽ DMHP നടത്തുന്ന ക്ലിനിക്കിൽ പങ്കെടുക്കുന്ന രോഗികളിൽ സഹായം ആവശ്യമുള്ളവരെ ഡോക്ടർമാർ തെരഞ്ഞെടുക്കുന്ന രീതിയാണ് തുടർന്നുകൊണ്ടുപോരുന്നത് എന്നും കൂടാതെ നിലവിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും നിലവിലെ മെഡിക്കൽ ഓഫീസർ ചാർജ്ജ് എടുക്കുന്നതു വരെയുള്ള വിനിയോഗ സാക്ഷ്യപത്രവും ഇല്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

b) പ്രോജക്ടിന്റെ പേര് - C.H.C പുത്തൻതോപ്പിലേക്ക് മരുന്ന് വാങ്ങൽ

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | - | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം | - | SO114/16 |
| അടങ്കൽ | - | 1,50,000/- |
| ചെലവ് | - | 1,50,000/- |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അലോപ്പതി ആശുപത്രികളിൽ മരുന്ന വാങ്ങൽ കേന്ദ്രീകൃത രീതിയിൽ നടത്തി മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കുക എന്നുള്ളത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. ഇത്തരം പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് വേണ്ടി അല്ലാതെയും മരുന്നുകൾ വാങ്ങാനോ തുക ചെലവഴിക്കാനോ പാടില്ല. (GO(MS)362/2013 തസ്വഭവ 16.11.2013)എന്നാൽ C.H.C പുത്തൻതോപ്പിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല, പകരം വെയർ ഹൗസ് മാനേജറിൽ നിന്നുള്ള ഇതര ഫണ്ടുകൾക്ക് KMCL മുഖേന മരുന്ന വിതരണം ചെയ്യാൻ സാധിക്കുന്നതല്ല എന്നറിയിച്ച കൊണ്ടുള്ള കത്താണ് ലഭ്യമാക്കിയിരിക്കുന്നത്. വരുംവർഷങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങി, മരുന്നുവാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പദ്ധതികളുടെ എണ്ണം വളരെ കുറവ്

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി നടത്തിപ്പ് വിലയിരുത്തുമ്പോൾ ഉത്പാദന മേഖലയിൽ പ്രത്യേകിച്ചും, പൊതുവായും പദ്ധതികളുടെ എണ്ണം വളരെ കുറവാണെന്ന് കാണുന്നു. വെറ്ററിനറി സർജൻ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. ക്ഷീരവികസന ഓഫീസർ 'പശുവളർത്തൽ പദ്ധതി' എന്ന പ്രോജക്ടിൽ 393800/- രൂപ ചെലവഴിച്ചിട്ടുണ്ട് കൂടാതെ ഓഫീസിന് ഫോട്ടോ കോപ്പി മെഷീൻ വാങ്ങാൻ 58565/- രൂപ ചെലവ് ചെയ്തതാണ് മറ്റൊരു പദ്ധതിയായി കാണിച്ചിട്ടുള്ളത്. സി.ഡി.പി.ഒ മൂന്ന് പദ്ധതികളും മെഡിക്കൽ ഓഫീസർ മൂന്ന പദ്ധതികളുമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ മൂന്ന് പദ്ധതികളിൽ ഒന്ന് ഓഫീസിലേക്ക് ഫോട്ടോ കോപ്പി മെഷീൻ വാങ്ങാനുള്ളതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നെൽകൃഷി വികസനം, സമഗ്രവാഴകൃഷി, സമഗ്രപച്ചക്കറി കൃഷി എന്നീ മൂന്ന് പദ്ധതികൾ ഉത്പാദന മേഖലയിൽ നടപ്പാക്കിയിരിക്കുന്നു. സെക്രട്ടറി നടപ്പിലാക്കിയ പതിനഞ്ച് പദ്ധതികളിൽ ഭൂരിപക്ഷവും ദൈനംദിന ചെലവുകൾ, പർച്ചയ്സുകൾ, വിവിധ പദ്ധതികൾക്ക് ബ്ലോക്ക് വിഹിതം നൽകൽ എന്നിങ്ങനെ ഉള്ളവയാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറുപത്തി എട്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസർ ആകെ ആറ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഉത്പാദന മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവനപദ്ധതി | ജി.ഒ. (എം.എസ്) 637/2010ത.സ്വ.ഭ.വ.25 /03/2010 | 6010265 | 6700887 | 4710710 | 1655407 | 1990177 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2010-11 | 3.4 | 57746 | ശ്രീ നിക്ക്ഷ്യസ് അസി.എക്സി.എൻജിനീയർ | TSBപേ-ഇൻ-സ്ലിപ്പ് 31-10-2015 സബ്ട്രഷറി, കഴക്കൂട്ടം |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,75,24,458/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,80,70,008/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,60,000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,60,000/- | ശ്രീ. എബി അബ്രഹാം, SCDO |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 406/09 തീയതി 16.4.13 | 8 | - |

| | | | |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 405/09 തീയതി 16.4.13 | 1 | - |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 408/09 തീയതി 16.4.13 | 14 | - |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 407/09 തീയതി 16.4.13 | 2 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 1358/07 തീയതി 16.4.13 | 5 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 1359/07 തീയതി 15.4.13 | 3 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ബി&ഡി1721/08 തീയതി18.1.14 | 3 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ബി&ഡി1722/08 തീയതി15.04.13 | 6 | - |
| 2005-06 | നം.കെ എസ് എ റ്റി വി എം ബി &ഡി 1010/2015 തീയതി 4.9.15 | 7 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2399/11 തീയതി 15.04.13 | 8 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2400/2011 തീയതി15.04.13 | 6 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2416/11 തീയതി 26.11.13 | 11 | - |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2179/13തീയതി2.9.14 | 6 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ബി &ഡി 1717/2015 തീയതി 7.1.16 | 2 | - |

| | | | |
|---|---|---|---|
| 2011-12 | നം.കെ എസ് എ റ്റി വി എം ബി &ഡി 1070/2015 തീയതി 1.10.2015 | 5 | - |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2303/14തീയതി 11.12.15 | 5 | - |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം/ബി & ഡി/89/16 തീയതി-16-01-2016 | 9 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം/ബി & ഡി/836/16 തീയതി-24-06-2016 | 6 | |

ഒപ്പ്

ജോയിന്റ്ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-4

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ക്രയശോഷണം കണക്കാക്കിയുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന തുക തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.